


ദീപനാളം
കുട്ടികളോടൊപ്പം

എല്ലാ മാസവും
ആദ്യത്തെ ആഴ്ച



## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിത്രമാവട്ടെ– ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575

# സംഗീതവഴികളിൽ മികവിന്റെ ഒപ്പുചാർത്തി ഒവിയാറ്റെസ്



ദൈവം കനിഞ്ഞുനല്കിയ ശുദ്ധസംഗീതത്തിലൂടെ ആസ്വാദകഹൃദയങ്ങളെ കീഴടക്കിയ കൊച്ചു ഗായികയാണ് ഒവിയാറ്റെസ് അഗസ്റ്റിൻ. ചുരുങ്ങിയ കാലംകൊണ്ടുതന്നെ ആൽബങ്ങളിലൂടെയും കവർ സോങ്ങുകളിലൂടെയും ടെലിവിഷൻ ചാനലുകളിലൂടെയും സംഗീതരംഗത്തു തന്റെ സാന്നിധ്യം ഒവിയാറ്റെസ് അടയാളപ്പെടുത്തിക്കഴിഞ്ഞു.

നാലുവയസ്സുമുതൽ സംഗീതം അഭ്യസിച്ചുതുടങ്ങിയ ഒവിയാറ്റെസ് ഷലോം ഹോളി ബീറ്റ്സിന്റെയും പാലാ കമ്മ്യൂണിക്കേഷൻസ് ജൂണിയർ സിങ്ങേഴ്സിന്റെയും അഭിമാനതാരമാണ്.

കലാമണ്ഡലം സ്വാതി പ്രസാദിന്റെ കീഴിലാണ് ഒവിയാറ്റെസ് സംഗീതം അഭ്യസിച്ചുതുടങ്ങിയത്. ഐഡിയ സ്റ്റാർ സിങ്ങർ ഫെയിം ജിൻസ് ഗോപിനാഥാണ് ഇപ്പോഴത്തെ ഗുരു. സ്കൂൾതലത്തിലും സംഘടനാതലങ്ങളിലും നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട് ഈ കൊച്ചുമിടുക്കി.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെക്കുറിച്ചുള്ള രണ്ട് ഭക്തിഗാന ആൽബങ്ങളിൽ, പ്രസിദ്ധ സംഗീത സംവിധായകൻ സിനോ ആന്റണി ഈണം പകർന്ന ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു ജനശ്രദ്ധ നേടാൻ ഒവിയാറ്റെസിനു കഴിഞ്ഞിട്ടുണ്ട്.

ഒവിയാറ്റെസിന്റെ സംഗീതവാസന തിരിച്ചറിഞ്ഞ് ആദ്യമായി വേദിയിലേക്കു കൈപിടിച്ചുയർത്തിയത് സ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന ഫാ. ഫിജി നടുവിലേത്തറയിൽ സി.എം.ഐയാണ്. പിന്നീടുവന്ന പ്രിൻസിപ്പൽമാരായ മിനേഷ് പുത്തൻപുരയിലച്ചനും, മൈക്കിൾ ആനക്കല്ലുങ്കലച്ചനും എല്ലാ പ്രോത്സാഹനങ്ങളും നല്കിപ്പോന്നു.

ഒവിയാറ്റെസിന്റെ സംഗീതയാത്രയ്ക്കു കൂടുതൽ പ്രോത്സാഹനം നല്കിയത് പാലാ കമ്മ്യൂണിക്കേഷൻസിന്റെ മുൻ ഡയറക്ടർ ഫാ. ജോയൽ പണ്ടാരപ്പറമ്പിലാണ്. രാമപുരം ഫൊറോനാപ്പള്ളി വികാരി ബഹു. ജോർജ് വർഗീസ് ഞാറക്കുന്നേലച്ചന്റെയും, വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാമകരണനടപടികളുടെ ചുമതല വഹിക്കുന്ന ബഹു. സെബാസ്റ്റ്യൻ നടുത്തടത്തിലച്ചന്റെയും പ്രോത്സാഹനവും പിന്തുണയും ഒവിയാറ്റെസിനൊപ്പമുണ്ട്.

പാലാ രാമപുരം കീലത്ത് വീട്ടിൽ സന്തോഷ് മാത്യുവിന്റെയും സിനി സന്തോഷിന്റെയും രണ്ടു മക്കളിൽ ഇളയകുട്ടിയാണ് ഒവിയാറ്റെസ്. രാമപുരം അമനകര ചാവറ സി.എം.ഐ. സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ്. സഹോദരി അൽക്കാമരിയ ചെന്നൈ അപ്പോളോ ഹോസ്പിറ്റലിൽ ബി.എസ്സി നഴ്സിങ് വിദ്യാർത്ഥിനിയാണ്.



# കുട്ടികളുടെ ചാച്ചാജി



തൃശ്ശാല മാത്യു
M.Com Student
Baselious College, Kottayam

നവംബർ 14, ശിശുദിനം. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയും ലോകം കണ്ട മികച്ച ഭരണതന്ത്രജ്ഞനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി ആചരിക്കപ്പെടുന്നത്. കുഞ്ഞുങ്ങളെ ഏറെ സ്നേഹിച്ചിരുന്ന മനസ്സായിരുന്നു നെഹ്റുവിന്റേത്. കുട്ടികൾക്ക് അദ്ദേഹത്തോടുള്ള അതിരറ്റ സ്നേഹത്തിന്റെ പ്രതീകമാണ് ചാച്ചാജി എന്ന സംബോധനതന്നെ. ഉടുപ്പിൽ വക്ഷസ്സോടു ചേർന്ന് ഒരു പനിനീർപ്പൂവ് അണിയുന്നതും അദ്ദേഹത്തിന്റെ ഹൃദയനൈർമല്യത്തിനു തെളിവാണ്.


വളരെ സന്തോഷത്തോടെയാണ്, ശിശുദിനാഘോഷങ്ങളിൽ രാജ്യമൊട്ടാകെയുള്ള കുട്ടികൾ പങ്കുകൊള്ളുന്നത്. കൊവിഡ് സാഹചര്യംമൂലം ഓൺലൈനിലാണ് ഇത്തവണയും ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. കുട്ടികളിലെ നേതൃഗുണങ്ങളും മാതൃരാജ്യസ്നേഹവും വളർത്തുന്നതിൽ ശിശുദിനാഘോഷം വലിയ പങ്കു വഹിക്കുന്നുണ്ട്. ആദ്യത്തെ ശിശുദിനാഘോഷം നടന്നത് 1964 നവംബർ 14 നായിരുന്നു.

1889 നവംബർ 14 ന് അലഹബാദിലായിരുന്നു നെഹ്റുവിന്റെ ജനനം. മോത്തിലാൽ നെഹ്റുവും സ്വരൂപ് റാണിയുമായിരുന്നു മാതാപിതാക്കൾ. രാജ്യസ്നേഹപാരമ്പര്യമുള്ള കുടുംബത്തിൽ പിറന്ന നെഹ്റു ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മഹാത്മജിക്കൊപ്പം പ്രവർത്തിച്ചു. ആ പ്രാഗല്ഭ്യവും ഇന്ത്യയിലെ ജനങ്ങളോടുള്ള ഏറിയ സ്നേഹവും പ്രതിബദ്ധതയുമാണ് രാജ്യം സ്വാതന്ത്ര്യം നേടിയപ്പോൾ പ്രധാനമന്ത്രിപദത്തിലേക്ക് അദ്ദേഹത്തെ ഉയർത്തിയത്.

ജയിലിൽ അടയ്ക്കപ്പെട്ട കാലത്ത് നെഹ്റു ഇന്ദിരയ്ക്കയച്ച കത്തുകൾ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പേരിൽ ഇന്ത്യയിലെ എല്ലാ കുട്ടികൾക്കുമുള്ള സ്നേഹമായിത്തുടരുന്നു.

രാജ്യത്തിന്റെ അമൂല്യസമ്പത്താണ് കുട്ടികൾ. യഥാർത്ഥ പൗരബോധവും രാജ്യ സ്നേഹവും കുഞ്ഞുങ്ങളിൽ വളർന്നാലേ ഭാരതം സകല മേഖലകളിലും മുൻപന്തിയിലെത്തൂ. ഉചിതമായ വിദ്യാഭ്യാസം നേടുന്നതിനും ഉന്നതമായ സാമൂഹിക സാഹചര്യങ്ങളിൽ അന്തസ്സോടെ ഇന്ത്യക്കാർ തലയുയർത്തി നിൽക്കുന്നതിനും പുതിയ തലമുറയിൽ യഥാർത്ഥ ദിശാബോധം വളർത്തേണ്ടതുണ്ട്. അതിനാൽത്തന്നെ ശിശുദിനാചരണം കൂടുതൽ പ്രാധാന്യത്തോടെ എല്ലാ വർഷവും നടത്തേണ്ടിയിരിക്കുന്നു.

ആരോഗ്യമുള്ള കുഞ്ഞുങ്ങൾ, സർഗാത്മകതയും ബൗദ്ധികമേൻമയും സാങ്കേതിക വൈദഗ്ധ്യവുമുള്ള തലമുറയായി വളർന്നുവരണം. ശിശുക്കളും അവരുടെ ജീവിതവും പരിപാലിക്കപ്പെടാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്. മുതിർന്ന തലമുറ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് കാവലാവണം. എവിടെയും ഭാരതം ഉയർന്നു നിൽക്കാൻ, നമ്മുടെ കുട്ടികൾക്ക് വെളിച്ചമേകാൻ ശിശുദിനാചരണം സഹായകമാവട്ടെ.



# വിശപ്പിന്റെ വിളിയൊച്ചകൾ






വിദ്യ വിജയകുമാർ
MA Bhashasasthram
Malayalam Sarvakalasala
Tirur

സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി എന്ന കഥ വിശപ്പിന്റെ അടയാളപ്പെടുത്തലാണ്. നടക്കില്ല എന്ന് അറിയാമെങ്കിലും ചില മോഹങ്ങളുടെ ഓർമകളെങ്കിലും ഹൃദയത്തോടു ചേർത്തു നിർത്താൻ തോന്നിക്കുന്നവയാണ്. അക്കൂട്ടത്തിൽപ്പെട്ടവയാണ് വിശപ്പിനെക്കുറിച്ചുള്ള ഓർമകളും.

ബിരിയാണി എന്ന കഥ മനുഷ്യജീവിതത്തിൽ സഹാനുഭൂതിയുടെ സ്ഥാനത്തെ ചൂണ്ടിക്കാണിക്കുന്നു. ജീവിക്കാനുള്ള വകതേടി മലയാളികൾ അന്യനാടുകളിലേക്കു ചേക്കേറിയതുപോലെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ലക്ഷക്കണക്കിനാളുകൾ കേരളത്തിലെത്തുന്നുണ്ട്. സ്വന്തം നാട്ടിൽ അധ്വാനിക്കാനുള്ള മലയാളിയുടെ മടികാരണം അവരിലേക്കു നമ്മുടെ ജോലിസംസ്കാരം ചുരുങ്ങുകയും നാട്ടിൽ എന്തു ജോലിക്കും ഇവരുടെ ആവശ്യകത ഏറിവരുകയും ചെയ്യുന്നു.

ഈ തൊഴിലാളികൾ ഏതു സാഹചര്യങ്ങളിൽനിന്നാണ് എത്തുന്നതെന്നോ, ഇവർക്കും കാത്തിരിക്കുന്ന കുടുംബമുണ്ടെന്നോ ഇവർക്കും വർദ്ധിച്ച വിലയുടെ മൂല്യത്തിനനുസരിച്ച് ചെലവുകളുണ്ടെന്നോ ഓർക്കാതെ, മൂന്നിലൊന്നു പണം കൊടുത്ത് ഇവരുടെ അധ്വാനം പിഴിഞ്ഞെടുക്കുന്നവരാണു മലയാളികൾ. നടുനിവർക്കാൻപോലും സമയം കളയാതെ അധ്വാനിക്കുന്ന അന്യസംസ്ഥാനത്തൊഴിലാളികളും ഇവരെ പിഴിഞ്ഞു ജീവിക്കുന്ന മലയാളികളും ഇവരുടെ ജീവിതങ്ങളുടെ ഒരു നേർക്കാഴ്ചയാണ് ബിരിയാണി.

വിശപ്പ് ഒരു കഥയ്ക്കു വിഷയമാകുന്നത് ആദ്യമായല്ല. കാരൂരിന്റെ 'പൊതിച്ചോറിലും' വിശപ്പിന്റെ ആധിക്യത്തെയാണ് നാം വായിക്കുന്നത്. വിശപ്പു സഹിക്കാനാവാതെ അധ്യാപകൻ വിദ്യാർത്ഥികളുടെ പൊതിച്ചോർ മോഷ്ടിക്കുന്നു. വിശപ്പിന്റെ മുന്നിൽ ചില തെറ്റുകളൊന്നും തെറ്റുകളല്ല എന്നും കഥാകാരൻ പറഞ്ഞുവച്ചു. ബിരിയാണിയിൽ വിശപ്പ് വെറും വിശപ്പല്ല, ഹൃദയത്തിൽ കൊള്ളുന്ന ഒരു മരണത്തിന്റെ കഥയും കൂടിയാണ്.

കലന്തൻ ഹാജിയുടെ മകന്റെ വിവാഹത്തിന് ഉണ്ടാക്കിയ ബിരിയാണി ആവശ്യത്തിലധികമായിരുന്നു. അതു കുഴിവെട്ടി മൂടാനാണ് ഗോപാൽ യാദവ് അവിടെയെത്തുന്നത്. അയാളോളം പൊക്കമുള്ള കുഴിയിൽ ബിരിയാണി നിറയ്ക്കുമ്പോൾ വിശപ്പോർമകൾ നിസ്സഹായതയായി അയാളിലേക്കു കടന്നുവരുന്നുണ്ട്. അവയിൽ അയാൾ തന്റെ പ്രിയപ്പെട്ടവൾക്കു പച്ചയ്ക്കു കഴിക്കാനായി വാങ്ങിയ അമ്പതു ഗ്രാം ബിരിയാണി അരിയുണ്ട്, പട്ടിണികിടന്നു മരിച്ച അയാളുടെ മകളുമുണ്ട്. വായന ഇവിടെയെത്തുമ്പോൾ മനസ്സാക്ഷിയുള്ള വായനക്കാരന്റെ കണ്ണുനീർ അക്ഷരങ്ങളെ മായിച്ചുകളയും.

ബീഹാറിലെ ഗോപാൽ യാദവ് എന്ന പണിക്കാരന് വെറും അരി ഒരു കിലോ വാങ്ങാം. പക്ഷേ, വില കൂടിയ നല്ല ബസുമതി ബിരിയാണിയരിയിലേക്ക് ഏറെ ദൂരമുണ്ട്. അതുകൊണ്ടുതന്നെയാണ് ഭാര്യയുടെ മോഹം തീർക്കാൻ 50 ഗ്രാം അരി വാങ്ങി അയാൾ അവൾക്കു കഴിക്കാൻ കൊടുക്കുന്നതും. കേരളത്തിലെ ഇന്നത്തെ പൊതുനിലപാടുകളിലേക്കു ബിരിയാണി വന്നിറങ്ങണമെങ്കിൽ അതിനു സമ്പത്തിന്റെ പിൻബലം അത്യാവശ്യംതന്നെയാണ്.

തികച്ചും ജനാധിപത്യപരമായ ഒരു രാജ്യത്തിന്റെ ചില വിശപ്പുമുഖങ്ങളിലേക്കാണ് എഴുത്തുകാരൻ സഞ്ചരിച്ചത്. അതിനു തികച്ചും മാനുഷികതയുടെ മുഖം മാത്രമേ കാണേണ്ടതുമുള്ളൂ. ബിരിയാണി എന്ന ഭക്ഷണത്തിലല്ല കഥയുടെ സങ്കടവായന ചെന്നുചേരുന്നതും കണ്ണുകൾ കടലാകുന്നതും. വിശപ്പുകാരണം നിശ്ചലമായിപ്പോയ ഒരു കുഞ്ഞുമുഖത്തേക്കാണ്. ബിരിയാണി ഇതിൽ ഒരു കഥാപാത്രമാണ്. ഇതു കഥയിലേക്കു വന്നത് തികച്ചും പണക്കാരന്റെ ഭക്ഷണമായി മാറുന്ന അതിന്റെ ഔന്നത്യംകൊണ്ടുമാത്രമാകാം.

കവിത



ഹരികീർത്തന പി.റ്റി.
+2, GHSS Valayam
Kozhikode



# അമ്മ

അടുക്കളത്തിണ്ണതൻ ഓരത്തുചാരി
ചുളിവാർന്ന കൈകൾ മാറോടു ചേർത്ത്
ഓർക്കുകയാണമ്മ എന്തോ...
പൊയ്പ്പോയ കാലത്തിനോർമകളാണോ
മുറിവിന്റെ നീറ്റലിൽ മരുന്നായതമ്മ
മഴയിലും, വെയിലിലും, കുടയായതമ്മ
തേൻകുളിരായതമ്മ
കത്തിയെരിയുന്ന നോവിന്നിടയിലും
കാലം വരയ്ക്കുന്നമ്മതൻ ജീവനിൽ
നിലയ്ക്കുവാൻ പോകുന്ന, ഘടികാരചിത്രം
ഓർക്കാൻ ശ്രമിക്കുന്നതെന്തെന്നറിയില്ല
മായ്ക്കാൻ ശ്രമിക്കുന്നതെന്തെന്നറിയില്ല.
എങ്കിലും വറ്റിവരണ്ടൊരാ കണ്ണുകൾ
ഇത്തിരി സ്നേഹം ഇരുട്ടിൽ തിരയുന്നു.

കഥ

# പൂമ്പാറ്റയും തത്തമ്മയും



വൈദേഹി എൻ. മഹേഷ്
Delhi Public School
Gurugram

ഒരിടത്ത് ഒരു തത്തമ്മയുണ്ടായിരുന്നു. ആ തത്തമ്മ ഒരു മരത്തിലിരിക്കുമ്പോൾ ആ മരത്തിലൊരു പൂമ്പാറ്റയെ കണ്ടു. തത്തമ്മയും പൂമ്പാറ്റയും കൂട്ടുകാരായി. അവർ കളിച്ചു ചിരിച്ചു രണ്ടാമത്തെ മരത്തിൽക്കയറിയപ്പോൾ മൂന്നാമത്തെ മരത്തിൽ കിളികൾ സംസാരിക്കുന്നതു കേട്ടു. അപ്പോൾ പൂമ്പാറ്റയും തത്തമ്മയും മൂന്നാമത്തെ മരത്തിലേക്കു പറന്നുപോയി. അവിടെച്ചെന്നപ്പോൾ കിളികൾ ചിലച്ചു വർത്തമാനം പറയുന്നതു കണ്ടു. അതിൽ ഒരു കിളി ബുദ്ധിമാനായിരുന്നു. അവന്റെ പേര് മൈല. രണ്ടുപേർ വന്നു എന്ന് അവൻ അമ്മക്കിളിയോടു പറഞ്ഞു. അവരുടെ പേരു ചോദിക്കാൻ അമ്മക്കിളി പറഞ്ഞു. മൈല പറഞ്ഞു.

''ഞാൻ ചോദിക്കുന്നില്ല, അമ്മ ചോദിച്ചാൽ മതി.''

അമ്മക്കിളിയെത്തി തത്തമ്മയോടും പൂമ്പാറ്റയോടും പേരു ചോദിച്ചു.

''എന്റെ പേര് തത്തു.'' തത്തമ്മ പറഞ്ഞു.

''എന്റെ പേര് ചിഞ്ചു'' പൂമ്പാറ്റ പറഞ്ഞു.

അപ്പോൾ അവരെല്ലാം കൂട്ടുകാരായി. ഒരു വലിയ മരത്തിൽ തത്തമ്മയും കിളികളും പൂമ്പാറ്റയും കൂട്ടുകൂടി സന്തോഷത്തോടെ കഴിയുകയായിരുന്നു. ഒരു ദിവസം അവിടെ കുറെ മനുഷ്യർ വന്നു. തത്തമ്മയും കിളിയും പൂമ്പാറ്റയും മരത്തിൽ പേടിച്ചരണ്ട് ഒളിച്ചിരുന്നു. പക്ഷേ, മനുഷ്യർ ആ പക്ഷികളെയും തത്തമ്മയെയും പിടിച്ച് അവരുടെ ഗ്രാമത്തിൽക്കൊണ്ടുപോയി ഒരു കൂട്ടിൽ അടച്ചിട്ടു. പൂമ്പാറ്റയ്ക്ക് വലിയ വിഷമമായി. ആ കുഞ്ഞുപറവ മനുഷ്യരോടു കെഞ്ചിപ്പറഞ്ഞു:

''എന്റെ കൂട്ടുകാരെ തുറന്നുവിടൂ... അവരില്ലാതെ ഞാനൊറ്റയ്ക്കു ജീവിക്കില്ല...''

ഇതുകേട്ടു മനുഷ്യർക്കു പൂമ്പാറ്റയുടെ സ്നേഹം കണ്ടില്ലെന്നു നടിക്കാൻ പറ്റിയില്ല. അവർ കിളികളെയും തത്തമ്മയെയും തുറന്നുവിട്ടു.

അങ്ങനെ മനുഷ്യരും പക്ഷികളും കൂട്ടുകാരായി. എല്ലാവരും പൂമ്പാറ്റയോടു നന്ദി പറഞ്ഞു.

പിന്നീടു കിളികളും തത്തമ്മയും പൂമ്പാറ്റയും ആ വലിയ മരക്കൊമ്പിലെ കൂട്ടിൽ സന്തോഷത്തോടെ ജീവിച്ചു.



# ശുഭാപ്തിവിശ്വാസത്തിന്റെ പ്രതിരൂപം



സിറിൽ സജി
BA English
St. Thomas College, Pala

''ലോകം മുഴുവൻ വേദനകളാണെങ്കിലും വേദനകളെ അതിജീവിക്കാനുള്ള ശക്തി ലോകം തന്നെ തരുന്നുണ്ട്.'' വേദന നിറഞ്ഞ ബാല്യത്തെയും കൗമാരത്തെയും അതിജീവിച്ച് ലോകത്തിനുതന്നെ പ്രചോദനമായി മാറിയ മഹാപ്രതിഭ ഹെലൻ കെല്ലറുടെ വാക്കുകളാണിവ. ആത്മവിശ്വാസത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും മൂർത്തീഭാവമാണ് ഹെലൻ കെല്ലർ. 1887 ജൂൺ 27 ന് അമേരിക്കയിലെ അലബാമയിലാണ് ഹെലൻ കെല്ലറുടെ ജനനം. 19 മാസം മാത്രം പ്രായമുള്ളപ്പോൾ ബാധിച്ച ഒരു അജ്ഞാതരോഗത്താൽ വിധി അവൾക്കുകാഴ്ചയുടെയും കേൾവിയുടെയും ലോകം നിഷേധിച്ചു. എന്നാൽ, തങ്ങളുടെ ഏകമകളെ വിധിക്കു വിട്ടുകൊടുത്ത് കാണികളാകാൻ അച്ഛൻ ആർതർ എച്ച്. കെല്ലറോ, അമ്മ കേറ്റ് ആഡംസ് കെല്ലറോ ഒരുക്കമല്ലായിരുന്നു. വിധിക്കുമുമ്പിൽ മുട്ടുകുത്താൻ ആ കൊച്ചുകുട്ടിയും.

വിജയം അവിടെ തുടങ്ങുകയായിരുന്നു. ഹെലനെ സഹായിക്കാൻ അവളുടെ മാതാപിതാക്കൾ 'ആനി സള്ളിവൻ' എന്ന ഒരു അധ്യാപികയെ കൊണ്ടുവന്നു. അവർ ഹെലന്റെ ജീവിതത്തിൽ അദ്ഭുതപ്രവർത്തിക(moracle worker) ആയി മാറി. ഹെലൻ എല്ലാം മറന്നു പരിശ്രമിച്ചു. അങ്ങനെ 1094 ൽ, ഹെലൻ കെല്ലർ ലോകത്തിലെതന്നെ അന്ധയും ബധിരയുമായ ആദ്യത്തെ ബിരുദധാരിയായി മാറി. ലോകപ്രശസ്തമായ The story of my life ആത്മകഥ ഉൾപ്പെടെ, ഹെലൻ കെല്ലർ തന്റെ ജീവിതകാലഘട്ടത്തിൽ പന്ത്രണ്ടോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അങ്ങനെ, തന്റെ പരിമിതികളെയും വൈകല്യങ്ങളെയും മറികടന്ന്, ലോകത്തിലെതന്നെ എണ്ണപ്പെട്ട പ്രതിഭകളിൽ ഒരാളായി മാറിയ ഹെലൻ കെല്ലർ, തന്റെ 81-ാം വയസ്സിൽ ലോകത്തോടു യാത്ര പറഞ്ഞു.

ഇന്നും ഇരുട്ടിലേക്കു വെളിച്ചം വിതറുന്ന ഹെലൻ കെല്ലറുടെ ജീവിതം നമ്മെയെല്ലാം പഠിപ്പിക്കുന്ന ഒരു വലിയ പാഠമുണ്ട്: വിഷമസന്ധികൾ ജീവിതത്തിന്റെ സന്തതസഹചാരിയാണ്. മനുഷ്യൻ എങ്ങനെ അവയെ നോക്കിക്കാണുന്നു എന്നതിലാണ് അവന്റെ പരാജയവും വിജയവും. ഒന്നുകിൽ തല കുനിച്ചു പിൻവാങ്ങാം. അല്ലെങ്കിൽ വീറോടെ അതിനോടു പടവെട്ടാം. വിജയം അവർക്കൊപ്പമാണ്.


ഹെലൻ കെല്ലർ



കഥ

# പുലരിയിലെ മഞ്ഞുതുള്ളികൾ



അവന്തിക അഭിജിത്
Std - VIII, Little Flower H.S.
Chemmalamattom

അമ്മ മുറ്റം അടിച്ചു കഴിഞ്ഞ് കൈയും കാലും കഴുകി വീടിനകത്തു കയറി. ഇപ്പോഴും മാഹിൻ നല്ല ഉറക്കത്തിലാണ്.

''മോനേ എണീക്ക്.'' അവനെ തട്ടിവിളിച്ച് അമ്മ അടുക്കളയിലേക്കു പോയി.

അച്ഛൻ തൊടിയിൽനിന്ന് ഒരു ചുവട് കപ്പ പറിച്ച് മുറ്റത്തുകൊണ്ടുവച്ചു.

''എടീ, ആ വാക്കത്തി ഇങ്ങെടുത്തേ. വഴുതനച്ചുവട്ടിൽ ചവറുകൾ വയ്ക്കാറായി.''

വാക്കത്തി എടുത്തുകൊടുത്തിട്ട് മകന്റെ അടുത്തു വന്ന് അമ്മ വീണ്ടും വിളിച്ചു.



''അമ്മേ, തണുക്കുന്നു.''

ചായ കുടിക്കുന്ന സമയത്തും മാഹിന്റെ കണ്ണുകൾ കൈയിലിരിക്കുന്ന ഫോണിലായിരുന്നു. പക്ഷികളുടെയും പൂക്കളുടെയും വർണങ്ങൾ നിറച്ച ശുഭദിനാശംസകൾ കാണുകയും ഫോർവേഡ് ചെയ്യുകയും ചെയ്തു. കുളിച്ചു ഭക്ഷണം കഴിച്ച് അവൻ കോളജിൽ പോകാൻ തയ്യാറായി വന്നു.

മാഹിൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു.

''അമ്മേ ഹെൽമറ്റ്.''

അമ്മ ഹെൽമറ്റ് എടുക്കാൻ അകത്തു കയറി.

''അമ്മേ പ്രാർത്ഥിച്ചേക്കണേ'' എന്നു പറഞ്ഞു മാഹിൻ കോളജിലേക്കു പോയി.

ഈ വർഷത്തെ കർഷകമന്ന അവാർഡ് കോളജിൽ അഗ്രികൾച്ചർ സയൻസ് വിഭാഗം മേധാവി പ്രഫ. മുരളീധരനാണ്. തന്നെ ആദരിക്കുന്ന ചടങ്ങിനിടെ മുരളീധരൻ സാർ സംസാരിച്ചു:

''പഠനത്തോടൊപ്പവും മറ്റു ജോലികൾ ചെയ്യുന്നതിനിടയിലും സമയം കണ്ടെത്തി പ്രകൃതിയോടിണങ്ങി ജീവിക്കാൻ കഴിയുകയെന്നത് ദൈവികമാണ്. പ്രകൃതി ഈശ്വരനാണ്. പ്രകൃതിയിൽ കാണുന്ന ഓരോ ജീവജാലങ്ങളും ഈശ്വരസമാനമാണ്. സ്വന്തം തൊടിയെ മനോഹരമാക്കി അവിടെ വരുന്ന ശലഭങ്ങളെയും പക്ഷികളെയും ഒക്കെ നിരീക്ഷിക്കാറുണ്ടോ? മുറ്റത്തും ടെറസിലുമായി നമുക്കാവശ്യമുള്ള ചെടികളും പച്ചക്കറികളും ഉത്പാദിപ്പിച്ചു നമ്മുടെ വീടിനെ മനോഹരമാക്കണം. അവിടേക്കു വരുന്ന ശലഭങ്ങളെയും കിളികളെയും ശ്രദ്ധിക്കണം. അവയൊക്കെ നമ്മുടെ മനസ്സിനുണർവു തരുന്നു.''

പ്രസംഗം നീണ്ടു... സാറിന്റെ വാക്കുകൾ മാഹിൻ നിശ്ശബ്ദനായിരുന്നു ശ്രവിച്ചു.

സ്വന്തം വീട്ടിലെ പറമ്പിലോ തൊടിയിലോ താൻ ഇതുവരെ ശ്രദ്ധിച്ചിട്ടുണ്ടോയെന്നു മാഹിൻ ചിന്തിച്ചു. വീടുവിട്ടാൽ സ്കൂൾ. സ്കൂൾ വിട്ടാൽ വീടിന്റെ അകത്ത്.

പിറ്റേന്നു ഞായറാഴ്ച. പുലർച്ചെ മാഹിൻ തന്റെ വീടിന്റെ തൊടിയിലേക്കിറങ്ങി. അവിടെ കണ്ട കാഴ്ചകൾ അവനെ അദ്ഭുതപ്പെടുത്തി. മഞ്ഞുതുള്ളി ഇലത്തുമ്പിൽനിന്നു നീർമുത്തുപൊഴിക്കുന്നു. എവിടെനിന്നോ കുയിലിന്റെ പാട്ടുകേൾക്കാം. ഉപ്പന്റെ കുറുകൽ. പല വർണത്തിലുള്ള പക്ഷികൾ. പച്ചപ്പനന്തത്തകൾ കുരുമുളകുചെടിയിൽനിന്നു കുരുമുളകുകൊത്തി വിഴുങ്ങി. പറന്നിളകുമ്പോൾ അവയുടെ ചിറകുകൾക്കെന്തു ഭംഗി!

പറമ്പിന്റെയങ്ങേയറ്റംവരെ അവൻ നടന്നു. അച്ഛന്റെ അധ്വാനത്തിന്റെ ഫലങ്ങൾ നിറയെ... കല്ലുകാൽനാട്ടി വള്ളികൾ വലിച്ചുകെട്ടി നിറയെ കായ്ച്ചുകിടക്കുന്ന പടവലങ്ങൾ. അസംബ്ലിക്കു ക്യൂ നിൽക്കുന്നതുപോലെ കാബേജ്. നീണ്ടതും വളഞ്ഞതുമായ വഴുതനങ്ങകൾ, ഒരു പന്തൽ നിറയെ പാവയ്ക്ക. അവന് അദ്ഭുതം തോന്നി.

തത്തമ്മകളുടെ ചിലയ്ക്കൽ കേട്ടപ്പോൾ മാഹിൻ മാനത്തേക്കു നോക്കി. കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്ന തള്ളപ്പക്ഷി. തത്തയുടെ കൂട് ഇവിടെ സമീപത്തുതന്നെയാണോ? ഇതുവരെ കണ്ടിട്ടില്ലാ. അവൻ ഓർത്തു.


പാറമടക്കുളിലൂടെ ഒലിച്ചുവരുന്ന ഒരിക്കലും വറ്റാത്ത നീരുറവ അവൻ കൈക്കുമ്പിളിൽ എടുത്തു മുഖത്തേക്കൊഴിച്ചു. അവൻ കുളിർന്നുലഞ്ഞു.

ഒരു സുഖമുള്ള കാറ്റ് അവനെ തഴുകി കടന്നുപോയി.

Digital art



ഫിലിപ്പ് എസ്. വാളൂക്കാരൻ
BA English
St. Thomas College, Pala





കഥ

# മീനുളുമ്പ്



ഗോപിക അനിൽ
BA Communicative English
CMS College, Kottayam

‘‘അമ്മെന്റെ തുണി അട്ക്കി വെക്കണ്ട. അച്ചമ്മ വെച്ചാ മതി.’’

‘‘അതെന്തപ്പാ, ഇത്രകാലം ഇല്ലാത്ത പുതുമ?’’

ആദ്യമൊന്നമ്പരന്നെങ്കിലും അപ്പുവിന്റെ കുസൃതിമുഖം കടമെടുത്ത് ഉമ ചോദിച്ചു. ഉത്തരംകേട്ട് ഉമ ഒന്നു ചിരിച്ചു. ‘‘അമ്മ അടുക്കിവയ്ക്കണ തുണികൾക്ക് മീന്റുളുമ്പു മണമാത്രേ! വിമലും നിഖിലും മൂക്കുപൊത്തിയ ആംഗ്യം അപ്പു കാണിച്ചപ്പളാ കണ്ണിൽ പൊടിഞ്ഞ കണ്ണീർ ആവിയാക്കി ചിരി പടർത്തിയത്.

അപ്പുവിനെ കുറ്റം പറയാൻ പറ്റില്ല. മീൻ കഴുകി, ചീനച്ചട്ടിയിൽ വയ്ക്കുന്നതിനും ഊണുമേശമേൽ അച്ഛനും അമ്മയ്ക്കും ചോറു വിളമ്പുന്നതിനും ഇടയിൽ കിട്ടുന്ന പത്തുമിനിറ്റ് ഇടവേളയിൽ വേണം, അരുണിന്റെയും അപ്പുവിന്റെയും മാളുവിന്റെയും തുണി അടുക്കിവയ്ക്കാൻ.

വേനൽസൂര്യന് അടുപ്പിലെ കനലിലും ചൂടാണെന്ന് ഇന്നലെക്കൂടി അയൽപക്കത്തെ രേണുവിനോട് അവൾ പറഞ്ഞതേയുള്ളൂ. ഓഫീസ് വസ്ത്രങ്ങളും സ്കൂൾ യൂണിഫോമും ആ വെയിൽ അധികംകൊണ്ടാൽ എപ്പോ നരച്ചുവെന്നു ചോദിച്ചാൽ മതി.



ഓഫീസ് ടൈയിലെ നിറമിത്ര മങ്ങി എന്നു പറഞ്ഞ് വീട്ടുകാരോടൊത്തു കൂടി അരുൺ ശകാരിച്ചതിൽപ്പിന്നെ ഉമ ഈ ടൈംടേബിൾ വച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. പിന്നെ ഉമയുടെ നൈറ്റിയും ചുരിദാറും നരച്ചിരിക്കുന്നതിനുള്ള കാരണം അവളോടു ചോദിച്ചാൽ ചിരിയാവാം ഉത്തരം. പലപ്പോഴും ഉമയുടെ ഉത്തരങ്ങൾ ഈ ചിരിയാണ്.

ഉമയ്ക്കും ഒരു ജോലി നോക്കിക്കൂടേ എന്ന കൂട്ടുകാരുടെ ചോദ്യത്തിന്,

‘‘ഓ, അയൽപക്കത്തുപോയി പരദൂഷണം പറയാനല്ലാതെ പുറത്തിറങ്ങാത്ത ഇവൾക്കെന്തോ ജോലി?’’ എന്ന് അരുൺ പറഞ്ഞപ്പോൾ, ഡിഗ്രി സമയത്ത് ഉറക്കമിളച്ചു പഠിച്ച രാവുകളുടെ ഓർമ നെറുകയിൽ കുത്തിയപ്പോഴും ഉമയ്ക്ക് ചിരിയായിരുന്നു ഉത്തരം.

അടയ്ക്ക പറിക്കാൻ വന്ന പണിക്കാരൻ മോശമായി സംസാരിച്ചു എന്നു പറഞ്ഞപ്പോൾ, ‘‘അടക്കവും ഒതുക്കവുമുള്ള പെണ്ണുങ്ങളോട് ആരും അങ്ങനെയൊന്നും പറയില്ല’’ എന്ന് അമ്മയുടെ മറുപടി ലഭിച്ചപ്പോഴും ഉത്തരം ചിരി തന്നെ.

രാത്രി പഠിക്കാനിരുത്തുമ്പോൾ അപ്പുവും മാളുവും തങ്ങളുടെ സുഹൃത്തുക്കളുടെ അമ്മമാരുടെ ജോലിയെപ്പറ്റി പറയും. ഉമയുടെ വീട്ടമ്മപദവിയെപ്പറ്റി പരാതിപ്പെട്ടു ചിണുങ്ങുമ്പോഴും ഉത്തരം ചിരി.

ഉള്ളിൽ ഒരായിരം തീനാളങ്ങൾ എരിയുമ്പോഴും ചുണ്ടിലെ പുഞ്ചിരിയും കൊണ്ട് വിധിയെയും ദൈവത്തെയും പരിഹസിക്കുന്ന അനേകായിരം വീട്ടമ്മമാരെ ഒരു കവിയും വർണിക്കാൻ ധൈര്യം കാട്ടാത്തത് വീട്ടിലെ സ്ത്രീ നേരിടുന്ന അനീതിയുടെ കടൽ അറിയാത്തോണ്ടാവാം അല്ലേ?

എന്തായാലും അപ്പുവിന്റെ പരാതിയിൽ പരിഹാരം ഉണ്ടായി. ഉമ ടൈംടേബിളിൽ കുറച്ചു തിരുത്തുകൾ നടത്തി മീനുളുമ്പിനെ നാടുകടത്തി. തന്റെ ഉച്ചഭക്ഷണത്തിന്റെ സമയം അവർ രണ്ടുമണിയിൽനിന്നു മൂന്നുമണിയാക്കി. കഴിഞ്ഞ വാരത്തിൽ അപ്പുവിന്റെ സ്കൂളിൽ നടന്ന മാതൃദിനാഘോഷത്തിൽ പിടിഎ പ്രസിഡന്റായ തന്റെ ഭർത്താവ് പറഞ്ഞ വാചകങ്ങൾ അവളോർത്തു: ‘‘സ്ത്രീ അമ്മയാണ്. ദേവിയാണ്. സർവസംഗപരിത്യാഗിയാണ്, ആ ത്യാഗത്തിന്റെ ഫലമായാണ് നമ്മളിവിടെ നിൽക്കുന്നത്. അതുകൊണ്ട് അവരെ നാം സംരക്ഷിക്കണം.’’

അനീതിയെ ത്യാഗത്തിന്റെ നിഴൽ കൊടുത്ത് പരിരക്ഷിക്കുന്ന പൊതുസമൂഹത്തിന്റെ മീനുളുമ്പു വാസനയെ ഉമ ഒരു പുഞ്ചിരിയോടെ സ്വീകരിച്ചു. അതായിരുന്നല്ലോ അവളുടെ ശീലം. ■

# അധ്വാനിക്കൂ നിങ്ങൾക്കു കുറവുണ്ടാവുകയില്ല



എബ്രഹാം ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായി സ്ഥാനം ഏറ്റെടുത്തു. സെനറ്റ് ഹാളിലെ തന്റെ ആദ്യപ്രസംഗത്തിനായി എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ അസന്തുഷ്ടനായ ഒരു സെനറ്റംഗം സദസ്സിൽനിന്ന് അദ്ദേഹത്തെ പ്രകോപിപ്പിക്കാനായി ഇങ്ങനെ വിളിച്ചുപറഞ്ഞു: ‘‘വലിയ മാന്യനാകുകയൊന്നും വേണ്ട. എന്തൊക്കെയായാലും താങ്കൾ ഒരു ചെരുപ്പുകുത്തിയുടെ മകനല്ലേ.?’’ സദസ്സിലുണ്ടായിരുന്നവർ മുഴുവൻ എബ്രഹാം ലിങ്കൺ എന്തു പറയുമെന്നറിയാൻ കാതോർത്തു. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: ‘‘ശരിയാണ്. എന്റെ അച്ഛൻ ഒരു നല്ല ചെരുപ്പുകുത്തിയായിരുന്നു. ഏറ്റവും നല്ല ചെരുപ്പുകളാണ് അദ്ദേഹം ഉണ്ടാക്കിയിരുന്നത്. ഒരിക്കൽ അദ്ദേഹത്തിന്റെ കൈയിൽനിന്നു ചെരുപ്പു വാങ്ങിയവർ മറ്റൊരിടത്തും പോകാതെ അദ്ദേഹത്തെത്തന്നെ തേടി വരുമായിരുന്നു. എന്റെ അച്ഛന് അദ്ദേഹത്തിന്റെ തൊഴിലിനോടുണ്ടായിരുന്ന അത്രയും പ്രതിബദ്ധതയും ആത്മാർഥതയും എനിക്ക് അമേരിക്കൻ പ്രസിഡന്റ് എന്ന നിലയിൽ ഉണ്ടാക്കാൻ കഴിയുമോ എന്ന് അറിയില്ല.’’

ഏതൊരു തൊഴിലും മാന്യമാണ്. താൻ ചെയ്യുന്ന തൊഴിലിനോടുള്ള ആത്മാർഥതയും അതു മറ്റുള്ളവർക്ക് ഉപകാരപ്രദമാവണമെന്ന ചിന്തയും അതിൽനിന്നു ലഭിക്കുന്ന ആത്മസംതൃപ്തിയുമാണ് ഏതൊരു തൊഴിലിനെയും മഹത്തരമാക്കുന്നത്. ഒരു ഭരണാധികാരിയാകട്ടെ, ഡോക്ടറാകട്ടെ, അധ്യാപകനാകട്ടെ, കർഷകനാകട്ടെ... എല്ലാ തൊഴിലിനുമുണ്ട് ഒരു ജനകീയമാനം.

തൊഴിൽ ചെയ്യുന്നതിന്റെ അടിസ്ഥാനാവശ്യം ജീവിക്കാനാവശ്യമായ പണം കണ്ടെത്തുക എന്നതുതന്നെയാണ്. പക്ഷേ, ആ കാരണത്തെ തൊഴിലിനു പിന്നിലെ ഒരേയൊരു കാരണമാക്കി മാറ്റുമ്പോളാണ്, നമ്മുടെ തൊഴിൽ മാനിക്കപ്പെടാതെ പോകുന്നത്.

പാശ്ചാത്യരാജ്യങ്ങളിൽ ഏതൊരു തൊഴിലും ഒരേപോലെ മാന്യമായിട്ടാണ് സമൂഹം കരുതുന്നത്. അമേരിക്കൻ പ്രസിഡന്റിന്റെ മകൻ പെട്രോൾ പമ്പിൽ ജോലിക്കാരനായി നിൽക്കുന്നതിൽ അഭിമാനം കാണുന്നു. കാർ കഴുകുന്നതും മുറ്റവും പരിസരവും വൃത്തിയാക്കുന്നതുമൊക്കെ, സമൂഹത്തിലെ ഉന്നതർപോലും മഹത്തരമായിക്കാണുന്നു.




അജയ് കെ. ജോസ്
BA English
St. Thomas College, Pala

തൊഴിലെടുത്തു ജീവിക്കുക എന്നതാണു ശ്രേഷ്ഠം. മാതാപിതാക്കളെ ആശ്രയിച്ചു ജീവിക്കുന്ന പ്രായപൂർത്തിയായ മക്കൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. അധ്വാനിച്ചു ജീവിക്കുന്നത് മാനക്കേടായിട്ടാണ് പലരും കരുതുന്നത്. നമ്മുടെ കാർഷികരംഗത്തെ തകർച്ചയുടെ പ്രധാനകാരണവും ഇതാണ്. മാന്യമായത് എന്നു കരുതാവുന്ന തൊഴിലുകൾ ചെയ്യാൻ ധാരാളം പേർ വരികയും അത്തരം ജോലികൾ എല്ലാവർക്കും കൊടുക്കാൻ തികയാതെ വരുകയും ചെയ്യുന്നു. അന്യനാടുകളിൽ പോയി എന്തു തൊഴിലും ചെയ്യുന്ന മലയാളി സ്വന്തംനാട്ടിൽ അതിനു തയ്യാറാവുന്നില്ല. കേരളീയരുടെ ഈ മനോഭാവമാണ് കേരളത്തിലെ തൊഴിലിടങ്ങളിലേക്ക് അന്യസംസ്ഥാനത്തൊഴിലാളികൾ എത്തിച്ചേരാൻ കാരണം. നമ്മുടെ നാട്ടിൽ ജോലി ചെയ്ത് അവർ പണം സമ്പാദിക്കുന്നു. എന്നാൽ, ഉയർന്ന വേതനവും കുറഞ്ഞ അധ്വാനവും സ്വപ്നംകണ്ട് മലയാളി സ്വയം കുഴിതോണ്ടുന്നു. ചെറിയ ജോലി ചെയ്യുന്നവരെന്ന്, നാം വിചാരിക്കുന്നവരെ ശ്രദ്ധിച്ചാൽ അറിയാം, അവരൊക്കെ എപ്പോഴും തിരക്കിലാണ്. അവർക്കു പിന്നെയും അവസരവും പണവും ലഭിച്ചുകൊണ്ടിരിക്കുന്നു.

കഠിനാധ്വാനത്തിലൂടെ മാത്രമേ നേട്ടങ്ങൾ ഉണ്ടാവുകയുള്ളൂ. കഠിനാധ്വാനത്തിനു പകരമായി മറ്റൊന്നും പറയാനില്ല എന്ന എഡിസന്റെ വാക്കുകൾ ഇതിനോടു ചേർത്തു വായിക്കാം. കഠിനാധ്വാനം മനുഷ്യന്റെ പ്രധാനപ്പെട്ട മൂന്നു കുറവുകളെ പുറന്തള്ളുന്നതായി വോൾട്ടയർ പറഞ്ഞിട്ടുണ്ട്. അത് വിരസത, ദുർഗുണം, ദാരിദ്ര്യം എന്നിവയാണ്. ■

## എന്റെ വര











ശ്രീഹരി സുരജ്
Std VII, St. Sebastian's H.S.S.
Thoppumpady, Ernakulam